# ‘പിശാചിന്റെ തന്ത്രങ്ങളെ തിരിച്ചറിയുക’

## യോശുവ 9:6

‘‘അവർ ഗില്ഗാലിൽ പാളയത്തിലേക്കു യോശുവയുടെ അടുക്കൽ ചെന്നു അവനോടും യിസ്രായേൽ പുരുഷന്മാരോടും: ഞങ്ങൾ ദൂരദേശത്തുനിന്നു വന്നിരിക്കുന്നു; ആകയാൽ ഞങ്ങളോടു ഒരു ഉടമ്പടി ചെയ്യേണം എന്നു പറഞ്ഞു.’’

ഗിബയോന്യർ സഖ്യം കൂടി ആലോചിച്ച് ഇവിടെ യോശുവയുമായി ഉടമ്പടി ചെയ്യുവാൻ തീരുമാനിക്കുന്നു. വ്യാജത്തിന്റെ വേഷത്തിൽ കടന്നു വരുന്ന ഗിബയോന്യരെ യോശുവക്കും കൂട്ടർക്കും ആദ്യം തിരിച്ചറിയുവാൻ പറ്റാതെയായി. ദൂരദേശത്തു നിന്നും വന്നവർ എന്ന വ്യാജേന സകലവും പഴയതാണെന്ന ഭാവം അവർ പ്രകടിപ്പിച്ചു. പഴയ തുണികൾ, പഴകിയ ഭക്ഷണ സാധനങ്ങൾ, വീഞ്ഞ് അങ്ങനെ പലതും.

ഗിബയോന്യർ എന്നു പറയുന്നതായ ഈ കൂട്ടർ ഹിവ്യർ എന്നും വിളിക്കപ്പെടുന്നു എന്ന് വചനത്തിലൂടെ മനസ്സിലാക്കാം (യോശുവ 11:19). ഈ ജാതികളുമായി യാതൊരു ഉടമ്പടിയോ, കൃപയോ കാണിക്കരുത് എന്നുള്ളത് യിസ്രായേൽമക്കളോടുള്ള ദൈവത്തിന്റെ കല്പന ആയിരുന്നു (ആവർത്തന പുസ്തകം 7:1–4). എന്നാൽ ഹിവ്യരുടെ കപടമായ മറുപടികളെയും പെരുമാറ്റത്തെയും തിരിച്ചറിയാൻ യോശുവയും കൂട്ടരും ആദ്യം പരാജയപ്പെട്ടു. ദൂരദേശക്കാരാണെന്നു കരുതി യോശുവ അവരോട് ഉടമ്പടി ചെയ്യുന്നു. Joshua 9:14–൧൦ വാക്യത്തിൽ കാണുന്നത്. ‘‘അപ്പോൾ യിസ്രായേൽ പുരുഷന്മാർ യഹോവയോടു ചോദിക്കാതെ അവരുടെ ഭക്ഷണസാധനം വാങ്ങി ആസ്വദിച്ചു. യോശുവ അവരോടു സഖ്യതയും അവരെ ജീവനോടെ രക്ഷിക്കാമെന്നും ഉടമ്പടി ചെയ്തു’’.

മൂന്നു ദിവസത്തിനു ശേഷമാണ് തങ്ങളോട് സഖ്യത കൂടിയ ജനത്തിന്റെ കപടത യിസ്രായേല്യർക്കു മനസ്സിലാകുന്നത്. അപ്പോഴേക്കും സത്യം ചെയ്ത ഉടമ്പടിയിൽ നിന്നും അവർക്ക് പിന്മാറാൻ സാധിക്കാതെ ആയി.

പ്രിയ ദൈവമക്കളെ, നമ്മുടെയും ജീവിതത്തിൽ സംഭവിക്കാവുന്ന ചില അപകട സൂചനകളാണ് ഈ സംഭവം വ്യക്തമാക്കുന്നത്. ദൈവത്തോടു ആലോചന ചോദിക്കാതെ ജീവിതത്തിൽ ഏറ്റെടുക്കുന്ന എന്തിനും പരിണിത ഫലം ഇതുതന്നെയാകും. സത്യം തിരിച്ചറിയുമ്പോൾ ഒരുപക്ഷേ സമയം വൈകും. ജീവിതയാത്രയിൽ എന്തുതന്നെ ആയാലും സത്യമായതിനും, നീതിയായതിനും മാത്രം ജീവിതം സമർപ്പിക്കുവാൻ കർത്താവ് സഹായിക്കട്ടെ.

കർത്താവായ യേശു അല്ലാതെ ഒരു സത്യം ഇല്ല. ഈ സത്യത്തെ നാം സ്വീകരിച്ചു നടക്കുന്നുവെന്ന് പറയുമ്പോൾ അത് അതുപോലെ ആയിരിക്കുവാൻ ഇടയാകട്ടെ. നമ്മെ തെറ്റിക്കുവാൻ, ദൈവിക പദ്ധതികൾ തകർത്തു കളയുവാൻ, കർത്താവിന്റെ പാതയിൽ നിന്നും നമ്മുടെ നോട്ടം പാളിക്കുവാൻ ഒക്കെ പിശാച് പല രൂപത്തിലും, ഭാവത്തിലും അവതരിക്കും. ഇപ്പോൾ കണ്ടതുപോലെ ഒരു ഭക്ഷണ സാധനത്തിന്റെ ഭാവത്തിൽ പോലും കടന്നു വരാം. ജാഗരൂകതയോടെ അവനിൽമാത്രം നോക്കിക്കൊണ്ട് ജീവിക്കാൻ ഇടയാകട്ടെ. ദൈവം യിസ്രായേലിനുവേണ്ടി ചെയ്ത വീര്യപ്രവൃത്തികളെ ഭയന്നാണ് ഹിവ്യർ വരുന്നത്. എന്നാൽ ദൈവജനത്തിന് അത് മനസ്സിലാകാതെ പോയി.

ദൈവത്തിലുള്ള ആശ്രയബോധം അവഗണിച്ചുകൊണ്ട് സ്വയം തീരുമാനമെടുക്കുന്നവനോട് ദൈവവചനം ആഹ്വാനം ചെയ്യുകയാണ് ‘നീ തന്നെ ഒരു ഉടമ്പടി ധൃതി കൂട്ടി എടുക്കരുത്, ദൈവത്തോട് ആലോചന ചോദിക്കുക’. വിവേകഹീനമായ ലോകത്തിന്റെ രീതികളിൽ, കാപട്യങ്ങളിൽ നാം അറിയാതെപോലും കുടുങ്ങിപോകരുത്. അതിനായി ജ്ഞാനവും വിവേകവുമുള്ള ഒരു ഹൃദയത്തിനായി വാഞ്ചയോടെ നമുക്ക് ഏല്പിക്കാം. സ്വയം തീരുമാനമെടുക്കുകയും പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്ന വ്യക്തി, കുടുംബം, സമൂഹം, കൂട്ടായ്മ എന്തുമാകട്ടെ വിശ്വാസസമൂഹത്തിന്റെ അപകടനില എന്നും ഓർത്തുകൊണ്ട് ജാഗ്രതയോടെ ദൈവത്തിൽ ആശ്രയിച്ചു നമുക്ക് ജീവിക്കാം.

പരാമർശം :
എഫെസ്യർ 6:11

‘പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ.’

സിസ്റ്റർ ബിന്ദു റെജി അയ്മനം 070